# പതിമൂന്നാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 6559

09.07.2014 ൽ മറുപടിയ്ക്ക്

## പത്തനംതിട്ട ജില്ലാ സഹകരണ ബാങ്കിൽ താൽക്കാലിക നിയമനം ലഭിച്ചവർ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. രാജു എബ്രഹാം | ശ്രീ. സി. എൻ. ബാലകൃഷ്ണൻ<br>(സഹകരണവും ഖാദിഗ്രാമ വ്യവസായവും വകുപ്പ് മന്ത്രി) |
| (എ) പത്തനംതിട്ട ജില്ലാ സഹകരണ ബാങ്കിൽ നൈറ്റ് വാച്ചർ, സെക്യൂരിറ്റി തസ്തികകളിൽ കഴിഞ്ഞ ബാങ്ക് ഭരണ സമിതിയുടെ കാലത്ത് എത്ര പേർക്കാണ് താൽക്കാലിക നിയമനം നൽകിയത്; ഇവരിൽ എത്രപേരെ സ്ഥിരപ്പെടുത്തിയിട്ടുണ്ട്; | (എ) പത്തനംതിട്ട ജില്ലാ സഹകരണ ബാങ്കിൽ സെക്യൂരിറ്റി തസ്തികയിലേയ്ക്ക് കഴിഞ്ഞ ഭരണ സമിതി താൽക്കാലിക/ദിവസ വേതനാടിസ്ഥാനത്തിൽ 35 പേർക്ക് നിയമനം നൽകിയിരുന്നു. ഇവരിൽ ആരെയും ഇതുവരെ സ്ഥിരപ്പെടുത്തിയിട്ടില്ല. |
| (ബി) കഴിഞ്ഞ ഭരണസമിതി അറ്റൻഡർമാരെയും സ്വീപ്പർമാരെയും നിയമിച്ചിരുന്നോ; ഇവരിൽ എത്രപേരെ സ്ഥിരപ്പെടുത്തിയിട്ടുണ്ട്; | (ബി) കഴിഞ്ഞ ഭരണസമിതി കാലത്ത് പാർട്ട്ടൈം സ്വീപ്പർ തസ്തികയിലേയ്ക്ക് 26 പേർക്ക് നിയമനം നൽകുകയും, എല്ലാവരേയും സ്ഥിരപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. കൂടാതെ 5 പേരെ കോടതി ഉത്തരവ് പ്രകാരം ദിവസവേതനാടിസ്ഥാനത്തിൽ നിയമിച്ചിട്ടുണ്ട് |
| (സി) സെക്യൂരിറ്റികളുടെയും വാച്ചർമാരുടെയും നിയമന സമയത്തെ സേവന വേതന | (സി) ജില്ലാ സഹകരണ ബാങ്കിൽ കേരള പബ്ലിക് സർവീസ് കമ്മീഷൻ മുഖേനയല്ലാതെ താൽക്കാലികമായി കരാർ അടിസ്ഥാനത്തിൽ |

| | | | |
|---|---|---|---|
| | വ്യവസ്ഥകൾ എന്തൊക്കെയാണ്; ഇപ്പോൾ അവർക്ക് എത്ര രൂപയാണ് വേതനമായി നൽകി വരുന്നത്; | | സെക്യൂരിറ്റി/വാച്ചർമാരെ നിയമിക്കുന്നത് സംബന്ധിച്ച് പ്രത്യേകം സേവന വേതന വ്യവസ്ഥകൾ നിലവിലില്ല. എന്നാൽ ടി വിഭാഗക്കാർക്ക് പത്തനംതിട്ട ജില്ലാ ബാങ്കിൽ നിന്നും 200/- രൂപ ദിവസവേതനമായി നൽകി വരുന്നുണ്ട്. |
| (ഡി) | ഈ ജീവനക്കാരുടെ ശമ്പളത്തിൽ നിന്നും 2011 ഡിസംബർ മുതൽ പിടിച്ചു തുടങ്ങിയ പി.എഫ് വിഹിതം ഏത് മാസം വരെ പിടിച്ചു; ഈ തീയതിക്ക് ശേഷം പി.എഫ് പിടിക്കാതിരുന്നതിന്റെ കാരണം എന്താണെന്ന് വ്യക്തമാക്കുമോ; | (ഡി) | 2012 ജൂൺ മാസം വരെ പി.എഫ്. വിഹിതം പിടിച്ചിട്ടുണ്ട്. 2011-12 ലെ ഓഡിറ്റിൽ സഹകരണ സംഘം രജിസ്ട്രാറുടെ സർക്കുലർ നിർദ്ദേശങ്ങൾക്കനുസൃതമല്ലാതെ പത്തനംതിട്ട ജില്ലാ സഹകരണ ബാങ്കിൽ കോൺട്രാക്ട് അടിസ്ഥാനത്തിൽ സെക്യൂരിറ്റിക്കാരെ നിയമിച്ച നടപടി നിയമാനുസൃതമല്ല എന്ന് കൺകറന്റ് ഓഡിറ്റർക്ക് ബോധ്യപ്പെട്ടതിനാൽ ടി സെക്യൂരിറ്റിക്കാരെ പി.എഫ്. സ്കീമിൽ ഉൾപ്പെടുത്തി പി.എഫ്. കോൺട്രിബ്യൂഷൻ അടച്ചത് ഓഡിറ്റിൽ തടഞ്ഞിട്ടുണ്ട്. ആയതിനാൽ തുടർന്ന് ഇവരിൽ നിന്നും പി.എഫ് വിഹിതം പിടിക്കുന്നത് നിർത്തി വയ്ക്കുന്നതിന് ബാങ്ക് തീരുമാനിച്ചിട്ടുണ്ട്. |
| (ഇ) | ധനകാര്യ വകുപ്പിന്റെ 02.05.2011 ലെ ജി.ഒ(പി) നം. 204/2011 പ്രകാരം സെക്യൂരിറ്റി/നൈറ്റ് വാച്ചർമാർ ഉൾപ്പെടെയുള്ളവർക്ക് ദിവസവേതനം 200 രൂപയിൽ നിന്നും 350 രൂപയാക്കി ഉയർത്തിയിട്ടും പത്തനംതിട്ട ജില്ലാ സഹകരണ ബാങ്കിൽ മാത്രം ഇത് വർദ്ധിപ്പിച്ച് നൽകാതിരിക്കുന്നതിന്റെ കാരണം എന്താണ്; | (ഇ) | പത്തനംതിട്ട ജില്ലാ സഹകരണ ബാങ്കിൽ താൽക്കാലികമായി കരാർ അടിസ്ഥാനത്തിൽ നിയമിക്കപ്പെട്ട സെക്യൂരിറ്റി/നൈറ്റ് വാച്ചർമാർക്ക് അപ്രകാരം നിയമിക്കപ്പെടുന്നതിനുള്ള കരാറിൽ വ്യവസ്ഥ ചെയ്തിട്ടുള്ള ദിവസ വേതനം നൽകി വരുന്നുണ്ട്. ടി കരാർ വ്യവസ്ഥ പുതുക്കുന്നതിനനുസൃതമായാണ് വേതന വർദ്ധനവുണ്ടാകുന്നത്. |
| (എഫ്) | ഇവരുടെ നിയമനം സ്ഥിരമാക്കുകയോ ഉയർത്തിയ ദിവസവേതനം നൽകുകയോ ചെയ്യാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ? | (എഫ്) | ജില്ലാ സഹകരണ ബാങ്കുകളിലെ വാച്ച്മാൻ തസ്തികയിലെ നിയമനം 1998 ലെ ജില്ലാ സഹകരണ ബാങ്ക് റിക്രൂട്ട്മെന്റ് റൂൾസിലെ വ്യവസ്ഥകൾ പ്രകാരം കേരള പബ്ലിക് സർവീസ് കമ്മീഷൻ മുഖേനയാണ് നടത്തേണ്ടത്. പത്തനംതിട്ട ജില്ലാ സഹകരണ ബാങ്കിൽ കരാർ അടിസ്ഥാനത്തിൽ താൽക്കാലികമായി നിയമിച്ച |

സെക്യൂരിറ്റി/വാച്ചർമാരെ സ്ഥിരപ്പെടുത്തുവാൻ നിലവിൽ വ്യവസ്ഥയില്ലാത്തതിനാൽ കരാറിൽ വ്യവസ്ഥ ചെയ്തിട്ടുള്ള വേതനം മാത്രമേ നൽകുവാൻ നിർവ്വാഹമുള്ളൂ.

സെക്ഷൻ ഓഫീസർ